നമ്പർ : 2227/ഇ1/2017 20-11-2017

പ്രസിദ്ധീകരണത്തിന് :

**കേരള സംഗീത നാടക അക്കാദമി**
**കലാപരിശീലന സ്റ്റൈപ്പന്റിന് അപേക്ഷ തിയതി നീട്ടി**
**വാർഷിക വരുമാന പരിധി വർദ്ധിപ്പിച്ചു**

കേരള സംഗീത നാടക അക്കാദമി നിർദ്ധനരായ കുട്ടികളുടെ കലാഭ്യസനത്തിന് നൽകിവരുന്ന സ്റ്റൈപ്പന്റിനുളള അപേക്ഷയുടെ തിയതി ഡിസംബർ 5 വരെ നീട്ടി. ഭരതനാട്യം, മോഹിനിയാട്ടം, കേരള നൃത്തം, ശാസ്ത്രീയ സംഗീതം (വായ്പാട്ട്, വീണ, വയലിൻ, മൃദംഗം) എന്നീ കലാവിഭാഗങ്ങൾ പരിശീലിക്കുന്നതിനാണ് സ്റ്റൈപ്പന്റ് അനുവദിക്കുന്നത്. 10നും 17നും മദ്ധ്യേ പ്രായമുള്ളവരും രക്ഷിതാവിന്റെ വാർഷിക വരുമാന പരിധി 75,000/- രൂപയിൽ താഴെ ഉളളവരുമായ അപേക്ഷകരിൽ നിന്നാണ് സ്റ്റൈപ്പന്റ് നൽകുന്നതിനുള്ള കുട്ടികളെ തെരഞ്ഞെടുക്കുന്നത്. 2018 ഏപ്രിൽ മുതൽ ഒരു വർഷത്തേക്കാണ് സ്റ്റൈപ്പന്റ് നൽകുക.

അപേക്ഷാഫോറവും നിയമാവലിയും ലഭിക്കുന്നതിന് സ്വന്തം മേൽ വിലാസമെഴുതി 5/- രൂപയുടെ സ്റ്റാമ്പൊട്ടിച്ച കവർ സഹിതം **'സെക്രട്ടറി, കേരള സംഗീത നാടക അക്കാദമി, തൃശൂർ - 20'** എന്ന വിലാസത്തിൽ അപേക്ഷിക്കേണ്ടതാണ്. പൂരിപ്പിച്ച അപേക്ഷയും, വിദ്യാർത്ഥി/വിദ്യാർത്ഥിനിയുടെ ജനന തീയതി തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ കോപ്പി (സ്വയം സാക്ഷ്യപ്പെടുത്തിയത്) രക്ഷിതാവിന്റെ വാർഷിക വരുമാനം തെളിയിക്കുന്ന ഒറിജിനൽ വരുമാന സർട്ടിഫിക്കറ്റും (അക്കാദമി അപേക്ഷ ക്ഷണിച്ചതിനുശേഷം കൈപ്പറ്റിയത്) **2017 ഡിസംബർ 5-ാം** തീയതിയ്ക്കകം അക്കാദമിയിൽ ലഭിച്ചിരിക്കണം. വൈകികിട്ടുന്നതോ, അപൂർണ്ണമോ ആയ അപേക്ഷകൾ സ്വീകരിക്കുന്നതല്ല. 2017-2018 വർഷത്തെ സ്റ്റൈപ്പന്റിന് തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ളവർ പുതുതായി അപേക്ഷിക്കേണ്ടതില്ല. അക്കാദമിയുടെ വെബ്സൈറ്റിലും അപേക്ഷാഫോറവും നിയമാവലിയും ലഭ്യമാണ്.
വെബ്സൈറ്റ് www.keralasangeethanatakaakademi.in

സെക്രട്ടറി.

എസ്.വി